## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2705 09/03/2017-ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എസ്. ശർമ്മ :** | | **ശ്രീ. എ. കെ. ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | കേന്ദ്രസർക്കാർ സ്കീം അനുസരിച്ച് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാത്രമായി അനുവദിച്ച ആനുകൂല്യങ്ങൾ അവർക്കുതന്നെ ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് ജില്ലാകളക്ടർ അദ്ധ്യക്ഷനായി എം.എൽ.എ.മാർ ഉൾപ്പെടുന്ന കമ്മിറ്റിയും, ഡിസ്ട്രിക്ട് ഡെവലപ്പ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമേ സംസ്ഥാന തലത്തിൽ ബഹു.മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തി വരുന്നു.<br><br>സർക്കാർ ഉത്തരവ് (സാധാ) നം.1013/2012/പജപവവിവ തീയതി 17/07/2012 പ്രകാരം പട്ടികവർഗ്ഗവികസനവകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ, കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതീക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ടും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ തലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. കൂടാതെ പട്ടികവർഗ്ഗക്കാർക്കുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴിയാണ് നല്കിവരുന്നത്. |

<table>
<tr>
<td></td>
<td></td>
<td></td>
<td>പട്ടികജാതിക്കാരുടെ വികസനത്തിനായുള്ള നിർമ്മാണ പ്രവർത്തികളുടെ ഫീസിബിലിറ്റിയും വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ആവശ്യമായ ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകളും ബന്ധപ്പെട്ട ജില്ലാ / ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ പരിശോധിച്ച് ഉറപ്പ് വരുത്തുകയും എല്ലാ പദ്ധതികളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും പദ്ധതി പുരോഗതി അവലോകനം ചെയ്യും വരുന്നു.</td>
</tr>
<tr>
<td>(ബി)</td>
<td>കേന്ദ്ര സർക്കാർ 2016-17 വർഷത്തിൽ എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര തുകയാണ് ചെലവാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?</td>
<td>(ബി)</td>
<td>2016-17 വർഷം കേന്ദ്ര സർക്കാർ പട്ടികവർഗ്ഗ ക്കാർക്കായി പട്ടികവർഗ്ഗ വികസന വകുപ്പിന് അനുവദിച്ച തുകയും ചെലവഴിച്ച തുകയുടെ വിവരവും ചുവടെ ചേർക്കുന്നു.
<table>
<tr><th>പദ്ധതി</th><th>അനുവദിച്ച തുക (ലക്ഷത്തിൽ)</th><th>ചെലവഴിച്ച തുക (ലക്ഷത്തിൽ)</th></tr>
<tr><td>എസ്.സി.എ. ടു. ടി.എസ്.പി</td><td>841.8</td><td>527.99</td></tr>
<tr><td>ആർട്ടിക്കിൾ 275 (1)</td><td>636.27</td><td>208.43</td></tr>
</table>
കൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനും പ്രീമെട്രിക് സ്കോളർഷിപ്പിനും 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാനം ചെലവഴിച്ചതിന്റെ അരിയർ തുകയായ 3122 ലക്ഷം രൂപയും 845.25 ലക്ഷം രൂപയും യഥാക്രമം കേന്ദ്രസർക്കാർ 2016-17 സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട്. സി.സി.ഡി. പദ്ധതിയിൽ 1 കോടി രൂപ 2016-17 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.<br><br>
പട്ടികജാതി വികസനവകുപ്പിൽ 2016-17 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുകയുടെയും, ചെലവിന്റെയും വിവരം അനുബന്ധമായി ചേർക്കുന്നു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ